**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2697** **13-02-2024 - ൽ മറുപടിയ്ക്ക്**

**തഴപ്പായ നെയ്ത്ത് വ്യവസായത്തിന്റെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പരമ്പരാഗത വ്യവസായങ്ങളെ നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ നവീകരിക്കുന്നതിനുള്ള പദ്ധതിയിൽ തഴപ്പായ നെയ്ത്ത് വ്യവസായത്തെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാമോ; | (എ) | തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്കിൽ നൂറ്റാണ്ടുകൾക്ക് മുമ്പേ തുടർന്നു വരുന്ന പരമ്പരാഗത വ്യവസായമായ തഴപ്പായ/രാമച്ചം ഉൽപ്പന്നങ്ങൾ വിതരണം നടത്തുന്നതിലേക്ക് ഈ മേഖലയിൽ കൂടുതൽ വൈവിധ്യമാർന്ന പദ്ധതികൾ കൊണ്ടുവരുകയും ഈ മേഖലയിൽ ഒരു വ്യവസായ ക്ലസ്റ്റർ ആരംഭിക്കുന്നതിലേക്ക് സാധ്യമായ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി താലൂക്ക് തലത്തിൽ ഒരു യോഗം കൂടുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ക്ലസ്റ്ററിന്റെ സാധ്യതകളും, ഉദ്ദേശം 200 പേരെങ്കിലും ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ കേന്ദ്ര സംസ്ഥാന ഉപഭോക്തൃ വിഹിതം ഉൾപ്പെടുത്തിക്കൊണ്ടുള്ള SFRUTI പദ്ധതിയിൽ ഉൾപ്പെടുത്തി ഈ പദ്ധതി നിർവ്വഹിക്കുന്നതിനുമുള്ള സാധ്യതകൾ പരിഗണിക്കുകയുണ്ടായി. അസംസ്കൃത വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനുള്ള പൊതുസംവിധാനവും, പുതിയ തലമുറകളി ലേക്ക് ഉല്പന്ന വൈവിധ്യവൽക്കരണ ക്ലാസുകളും നൂതന ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിലേക്ക് ആധുനിക യന്ത്രവൽകൃത സാധ്യതകളും, ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിലേക്ക് വിപണനശാലകളും കണ്ടെത്തുക എന്നീ പദ്ധതികൾ ഉൾപ്പെടെ ഒരു Common Facilitation Centre സ്ഥാപിക്കുക എന്ന ലക്ഷ്യം കൈവരിച്ചാൽ ഈ മേഖലയിൽ സ്ഥിരമായ തൊഴിൽ അവസരങ്ങൾ ഉണ്ടാക്കിയെടുക്കുവാൻ സാധിക്കും. ഇത് പ്രവർത്തികമാക്കുന്നതിന് ഒരു കമ്മറ്റിയെ തെരഞ്ഞെടുക്കുന്നതിനും, പരമ്പരാഗത വ്യവസായ ക്ലസ്റ്റർ പദ്ധതി നടപ്പിൽ വരുത്തുന്നതിനും, മതിലകം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വർഷം തോറും പരമ്പരാഗത വ്യവസായ മേഖലയിൽ സ്വയം തൊഴിലിനായി മാറ്റിവച്ചിട്ടുള്ള തുക |

ഉപയോഗപ്പെടുത്തുന്നതിനും ജില്ലാ വ്യവസായ കേന്ദ്രതലത്തിൽ നടപടികൾ എടുത്തു വരുന്നുണ്ട്.

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന അംഗങ്ങളായ തൊഴിലാളികൾക്ക് പെൻഷൻ, വിവാഹ ധനസഹായം, പ്രസവ ധനസഹായം തുടങ്ങിയ വിവിധ ആനുകൂല്യങ്ങൾ നൽകുന്നുണ്ട്.

കേരളത്തിലെ കരകൗശല മേഖലയിൽ ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളിൽ കൈതോലയും ഉൾപ്പെടുന്നു. ഇതിന്റെ സംസ്കരിച്ച നാരുകൾ ഉപയോഗിച്ചുള്ള ഉൽപന്ന നിർമ്മാണമാണ് കരകൗശല മേഖലയിൽ നടന്നു വരുന്നത്. കേരളാ സ്റ്റേറ്റ് ഹാൻഡി ക്രാഫ്റ്റ് അപ്പെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ (സുരഭി)യുടെ ഷോറൂമുകൾ മുഖേന ഈ ഉൽപന്നങ്ങളും വിപണനം ചെയ്യപ്പെടുന്നുണ്ട്. സംസ്കരിക്കപ്പെടാത്ത ഇലകൾ സംസ്കരിക്കാനും അത് ഉപയോഗപ്പെടുത്തി കൗതുക വസ്തുക്കൾ നിർമ്മിച്ച് വിപണനം നടത്താനുമുള്ള സാഹചര്യം സജ്ജമാക്കാൻ കഴിയുന്നതാണ്.

കൈതോല കൊണ്ട് നിർമ്മിക്കുന്ന കൈതോല പായ ഉൾപ്പെടെയുള്ള കരകൗശല ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നത് പരിപോഷിപ്പിക്കുന്നതിനും പ്രസ്തുത മേഖലയിൽ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതി ലേക്കുമായി കരകൗശല വികസന കോർപ്പറേഷൻ പദ്ധതി ആവിഷ്കരിക്കുക യുണ്ടായി. ഇതുമായി ബന്ധപ്പെട്ട കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിൽ, തഴവ പഞ്ചായത്തിൽ പട്ടികജാതി വിഭാഗങ്ങളുടെ പരമ്പരാഗത തൊഴിൽ പുനരുജ്ജീവിപ്പിക്കു ന്നതിന് തഴപ്പായ, മുള, ചൂരൽ എന്നിവ കൊണ്ട് ഉൽപ്പങ്ങൾ നിർമ്മിക്കുന്നവർക്കുവേണ്ടി കോർപ്പറേഷൻ സർക്കാരിൽ സമർപ്പിച്ച പദ്ധതി സർക്കാർ അംഗീകരിക്കുകയും 27 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ അടുത്ത ഘട്ടം കയ്പമംഗലം മണ്ഡലത്തിൽ നടപ്പിലാക്കുന്നത് ആലോചിക്കാവുന്നതാണ്.

**കൈതച്ചെടിയിൽ നിന്ന് പായ തുടങ്ങിയ വിവിധ ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കുന്ന ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ഖാദി ബോർഡ് നടപ്പിലാക്കി വരുന്ന തൊഴിൽദായക പദ്ധതികളായ പി.എം.ഇ.ജി.പി (Prime Minister Employment Generation Programme), എസ്.ഇ.ജി.പി/എന്റെ ഗ്രാമം ( Special Employment Generation Programme) എന്നിവ മുഖേന ബാങ്ക് വഴി വായ്പകൾ**

| | | | |
|---|---|---|---|
| | | | **ലഭിക്കുന്നതാണ്. വായ്പകൾക്ക് ആനുപാതികമായി 25% മുതൽ 40% വരെ മാർജിൻമണി ധനസഹായം ഖാദി ബോർഡിൽ നിന്നും നൽകുന്നു.** |
| (ബി) | ഒരുകാലത്ത് വളരെ പ്രശസ്തമായിരുന്ന എടവിലങ്ങ് പായ നെയ്ത്ത് ചന്തയെ പുനരുദ്ധരിക്കുന്നതിനും കൈതോലയിൽ നിന്നും പായ കൂടാതെ മറ്റ് വൈവിധ്യമാർന്ന ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കാമോ? | (ബി) | തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്കിൽ നൂറ്റാണ്ടുകൾക്ക് മുമ്പേ തുടർന്നു വരുന്ന പരമ്പരാഗത വ്യവസായമായ തഴപ്പായ/രാമച്ചം ഉൽപ്പന്നങ്ങൾ വിതരണം നടത്തുന്നതിലേക്ക് ഈ മേഖലയിൽ കൂടുതൽ വൈവിധ്യമാർന്ന പദ്ധതികൾ കൊണ്ടുവരുകയും ഈ മേഖലയിൽ ഒരു വ്യവസായ ക്ലസ്റ്റർ ആരംഭിക്കുന്നതിലേക്ക് സാധ്യമായ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി താലൂക്ക് തലത്തിൽ ഒരു യോഗം കൂടുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ക്ലസ്റ്ററിന്റെ സാധ്യതകളും, ഉദ്ദേശം 200 പേരെങ്കിലും ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ കേന്ദ്ര സംസ്ഥാന ഉപഭോക്തൃ വിഹിതം ഉൾപ്പെടുത്തിക്കൊണ്ടുള്ള SFRUTI പദ്ധതിയിൽ ഉൾപ്പെടുത്തി ഈ പദ്ധതി നിർവ്വഹിക്കുന്നതിനുമുള്ള സാധ്യതകൾ പരിഗണിക്കുകയുണ്ടായി. അസംസ്കൃത വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനുള്ള പൊതുസംവിധാനവും, പുതിയ തലമുറകളി ലേക്ക് ഉല്പന്ന വൈവിധ്യവൽക്കരണ ക്ലാസുകളും നൂതന ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിലേക്ക് ആധുനിക യന്ത്രവൽകൃത സാധ്യതകളും, ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിലേക്ക് വിപണനശാലകളും കണ്ടെത്തുക എന്നീ പദ്ധതികൾ ഉൾപ്പെടെ ഒരു Common Facilitation Centre സ്ഥാപിക്കുക എന്ന ലക്ഷ്യം കൈവരിച്ചാൽ ഈ മേഖലയിൽ സ്ഥിരമായ തൊഴിൽ അവസരങ്ങൾ ഉണ്ടാക്കിയെടുക്കുവാൻ സാധിക്കും. ഇത് പ്രവർത്തികമാക്കുന്നതിന് ഒരു കമ്മറ്റിയെ തെരഞ്ഞെടുക്കുന്നതിനും, പരമ്പരാഗത വ്യവസായ ക്ലസ്റ്റർ പദ്ധതി നടപ്പിൽ വരുത്തുന്നതിനും, മതിലകം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വർഷം തോറും പരമ്പരാഗത വ്യവസായ മേഖലയിൽ സ്വയം തൊഴിലിനായി മാറ്റിവച്ചിട്ടുള്ള തുക ഉപയോഗപ്പെടുത്തുന്നതിനും ജില്ലാ വ്യവസായ കേന്ദ്രതലത്തിൽ നടപടികൾ എടുത്തു വരുന്നുണ്ട്.<br><br>കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന അംഗങ്ങളായ തൊഴിലാളികൾക്ക് പെൻഷൻ, വിവാഹ ധനസഹായം, പ്രസവ ധനസഹായം തുടങ്ങിയ വിവിധ ആനുകൂല്യങ്ങൾ നൽകുന്നുണ്ട്.<br><br>കേരളത്തിലെ കരകൗശല മേഖലയിൽ ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളിൽ |

| | | | | |
|---|---|---|---|---|
| | | | | കൈതോലയും ഉൾപ്പെടുന്നു. ഇതിന്റെ സംസ്കരിച്ച നാരുകൾ ഉപയോഗിച്ചുള്ള ഉൽപന്ന നിർമ്മാണമാണ് കരകൗശല മേഖലയിൽ നടന്നു വരുന്നത്. കേരളാ സ്റ്റേറ്റ് ഹാൻഡി ക്രാഫ്റ്റ് അപ്പെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ (സുരഭി)യുടെ ഷോറൂമുകൾ മുഖേന ഈ ഉൽപന്നങ്ങളും വിപണനം ചെയ്യപ്പെടുന്നുണ്ട്. സംസ്കരിക്കപ്പെടാത്ത ഇലകൾ സംസ്കരിക്കാനും അത് ഉപയോഗപ്പെടുത്തി കൗതുക വസ്തുക്കൾ നിർമ്മിച്ച് വിപണനം നടത്താനുമുള്ള സാഹചര്യം സജ്ജമാക്കാൻ കഴിയുന്നതാണ്.<br><br>കൈതോല കൊണ്ട് നിർമ്മിക്കുന്ന കൈതോല പായ ഉൾപ്പെടെയുള്ള കരകൗശല ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നത് പരിപോഷിപ്പിക്കുന്നതിനും പ്രസ്തുത മേഖലയിൽ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതി ലേക്കുമായി കരകൗശല വികസന കോർപ്പറേഷൻ പദ്ധതി ആവിഷ്കരിക്കുക യുണ്ടായി. ഇതുമായി ബന്ധപ്പെട്ട കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിൽ, തഴവ പഞ്ചായത്തിൽ പട്ടികജാതി വിഭാഗങ്ങളുടെ പരമ്പരാഗത തൊഴിൽ പുനരുജ്ജീവിപ്പിക്കു ന്നതിന് തഴപ്പായ, മുള, ചൂരൽ എന്നിവ കൊണ്ട് ഉൽപ്പങ്ങൾ നിർമ്മിക്കുന്നവർക്കുവേണ്ടി കോർപ്പറേഷൻ സർക്കാരിൽ സമർപ്പിച്ച പദ്ധതി സർക്കാർ അംഗീകരിക്കുകയും 27 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ അടുത്ത ഘട്ടം കയ്പമംഗലം മണ്ഡലത്തിൽ നടപ്പിലാക്കുന്നത് ആലോചിക്കാവുന്നതാണ്.<br><br>**കൈതച്ചെടിയിൽ നിന്ന് പായ തുടങ്ങിയ വിവിധ ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കുന്ന ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ഖാദി ബോർഡ് നടപ്പിലാക്കി വരുന്ന തൊഴിൽദായക പദ്ധതികളായ പി.എം.ഇ.ജി.പി (Prime Minister Employment Generation Programme), എസ്.ഇ.ജി.പി/എന്റെ ഗ്രാമം ( Special Employment Generation Programme) എന്നിവ മുഖേന ബാങ്ക് വഴി വായ്പകൾ ലഭിക്കുന്നതാണ്. വായ്പകൾക്ക് ആനുപാതികമായി 25% മുതൽ 40% വരെ മാർജിൻമണി ധനസഹായം ഖാദി ബോർഡിൽ നിന്നും നൽകുന്നു.** |

സെക്ഷൻ ഓഫീസർ